
# നിറച്ചാർത്ത്.....

ലിറ്റിൽ കൈറ്റ്സ് 2020



# M R R M H S S
# CHAVAKKAD
# DIGITAL MAGAZINE





HEADMISTRESS
K S SARITHA KUMARI

MANAGER
M U UNNIKRISHNAN





P T A PRASIDENT
R V M BASHEER MOULAVI

## ഈ വർഷം സർവീസിൽനിന്നും വിരമിക്കുന്ന അദ്ധ്യാപകർ









INDEX


| | |
|---|---|
| ചിരി | 6 |
| തെന്നൽ | 7 |
| EVENTS | 8 |
| RAIN | 21 |
| REFUGEES | 22 |
| വജ്രം | 23 |
| HINDI POEM | 24 |
| വസന്തം | 25 |
| SUN YOU ARE THE REAL HERO | 26 |
| സ്വപ്നങ്ങളിൽ ഇന്ത്യ | 27 |
| പൂക്കാലം | 28 |
| CLIMATE CHANGE | 29 |

# വിദ്യാലയം പ്രതിഭകളോടൊപ്പം



"വിദ്യാലയം പ്രതിഭകളോടൊപ്പം " എന്ന പരിപാടിയുടെ ഭാഗമായി എം ആർ രാമൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സെക്കൻഡറി രാമൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളും, പിടിഎ പ്രതിനിധികളും, അധ്യാപകരും നവംബർ 14 ശിശുദിനത്തിൽ പ്രശസ്ത സാഹിത്യകാരനും, കവിയും, പ്രഭാഷകനും, അധ്യാപകനുമായ ശ്രീ രാധാകൃഷ്ണൻ കാക്കശ്ശേരി മാസ്റ്ററെ അദ്ദേഹത്തിൻറെ വീട്ടിൽ ചെന്ന് ആദരിച്ചു. ചടങ്ങിൽ ചാവക്കാട് വിദ്യാഭ്യാസ ജില്ല ഓഫീസർ ശ്രീമതി ശറഫുന്നീസ മാഡം മുഖ്യാതിഥിയായിരുന്നു. വിദ്യാലയത്തിലെ ഹെഡ്മിസ്ട്രസ് ശ്രീമതി സരിത ടീച്ചർ, പി.ടി എ പ്രസിഡൻറ് ശ്രീ ബഷീർ മൗലവി, അനധ്യാപക പ്രതിനിധി മധു, അധ്യാപകരായ ഷീബടീച്ചർ, അഞ്ചു ടീച്ചർ ,സിനിടീച്ചർ, പേഴ്സി ടീച്ചർ, ഹൈസ്കൂളിലെയും, ഹയർസെക്കൻഡറിയിലേയും 16 അംഗ വിദ്യാർത്ഥികളും പങ്കെടുത്ത പരിപാടി വൻ വിജയമായി. വിദ്യാഭ്യാസ ജില്ലാ ഓഫീസർ പൂച്ചെണ്ട് നൽകി നൽകി മാസ്റ്ററെ പരിപാടിയിലേക്ക് സ്വാഗതം ചെയ്തു.പി ടി എ പ്രസിഡണ്ട് പൊന്നാടയണിയിച്ചും, HM മാഷിന്റെ ഫോട്ടോ പതിച്ച ഷീൽഡ് നൽകിയും അദ്ദേഹത്തെ ആദരിച്ചു.കഥകൾ, നാടകം പരിഭാഷ, കവിത, ലേഖനസമാഹാരങ്ങൾ തുടങ്ങി ഒട്ടനവധി കൃതികളുടെ കർത്താവായ രാധാകൃഷ്ണൻ മാസ്റ്റർക്ക് ഉറൂബ്അവാർഡ്, ഗുരുശ്രീ അവാർഡ്, കേളപ്പജീ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. മാസ്റ്ററുടെ കവിത, ലേഖനസമാഹാരങ്ങളിലെ രചനകളെ കേന്ദ്രീകരിച്ച് കുട്ടികൾ തയ്യാറാക്കിയ ചോദ്യങ്ങൾക്ക് വളരെ വിശദമായി തന്നെ അദ്ദേഹം മറുപടി നൽകി. ഹാസ്യകഥയും,അക്ഷര ശ്ലോകവും, കവിതാലാപനവും ഒക്കെയായി മാസ്റ്റർ കുട്ടികളെ കൈയിലെടുത്തപ്പോൾ കുട്ടികൾക്കും നവംബർ 14 ശിശുദിനം ധന്യമായ ഒരു ദിവസമായി മാറി.



# ചിരി

മനസ്സിൽ ജനിച്ച്,
മുഖത്തുവിരിയുന്ന ഒരു
തുളസിക്കതിരല്ലോ പുഞ്ചിരി .
നിഷ്കളങ്കമാം ബാല്യം
നിൻ പൂന്തേൻ നിറവിൽ
വിശ്വമാകെ നറുമണം
നിറയ്ക്കുമെങ്കിലും,



പ്രായമേറിയാൽ നിൻ
തേൻകുടം വറ്റുമോ?
കലുഷിത ചിന്തകൾ
നിറയും നിൻ മനസ്സിൽ
നഷ്ടമാകുമാ -
യിതളനക്കം തൻ ചിരികൾ.
ഒന്നോർക്കു തുളസീ ദളങ്ങളെ
നിൻ സുഗന്ധ വീചികൾ മാത്രം മതി,
മുറിവേറ്റ മനസ്സിന്നാശ്വാസമാകാൻ
യാന്ത്രികമാം ജീവിത
തന്ത്രിയിൽ വീണമീട്ടാൻ.
ഒരു നല്ല "സൗഹൃദത്തിൻ
തുടക്കമാകാൻ "
ഹ്രസ്വമാം ജീവിത യാത്രയെ
ആയാസരഹിതമാക്കാനായ്
നമുക്കൊന്നായ് പരസ്പരം
പങ്കുവച്ച് നീങ്ങാം ,
ചിരിച്ച ചിരിച്ച കൊണ്ട് മുന്നേറാം.

T V Sheeba
H S T Biology

# തെന്നൽവിളിയോട്...........

വരാന്തയിലെ ചാരുകസേരയിൽ ആയിരുന്നു അനുവിന്റെ കുത്തിയിരിപ്പ് സമരം. മുത്തച്ഛൻ കഥ പറഞ്ഞു തരാത്തത് കൊണ്ടാണ് പിണക്കം. പ്രകൃതയെ അകന്ന പട്ടണങ്ങളിൽ ഒന്നും അവൾ താമസിച്ചിട്ടില്ല. കിളികളുടെയും മരങ്ങളുടെയും എല്ലാം ഭാഷ അവൾക്ക് അറിയാം.

എന്തോ ആലോചിച്ചു കൊണ്ടിരുന്ന സമയത്തായിരുന്നു പെട്ടെന്ന് ആ വിരുന്നുകാരൻ വന്നത്. നല്ല ചടപട ശബ്ദത്തിൽ മഴ. വെള്ളിനൂലുകൾ പോലെയുള്ള



തുള്ളികൾ വീടിനെ അലങ്കരിച്ചു. എന്തെങ്കിലും ചിന്തിച്ചിരിക്കാൻ അവൾക്ക് വളരെ ഇഷ്ടമായിരുന്നു വിവിധതരത്തിലുള്ള പേരുകൾ പറയുന്നത് കേട്ടിട്ടുണ്ട് അമ്മയും അമ്മമ്മയും, തുലാവർഷം എന്നോ മൺസൂൺ എന്നോ എല്ലാം. അതും ചിന്തിച്ച് വരാന്തയിൽ എത്തിയപ്പോഴാണ് ഇളംതെന്നൽ അവളെ തണുപ്പിച്ചത് . മരങ്ങളുടെ നൃത്തച്ചുവടുകൾക്ക് സഹായി ആണ് ഇവ. ഇവരെക്കുറിച്ച് പറഞ്ഞാൽ ഒരുപാട് ഉണ്ട് . ചില സമയങ്ങളിൽ വില്ലന്മാർ ആണ് ഇവർ. എന്നാൽ ചിലപ്പോഴൊക്കെ മനസ്സിനെയും ശരീരത്തിനെയും തണുപ്പിക്കുന്നവരാണ് ഇവർ. ഇവരും എന്റെ കൂട്ടുകാരാണ് . വരാന്തയിൽ കൂട്ടായി എനിക്ക് ഇനി ഇവരും ഉണ്ടാകും അവൾ ചിന്തിച്ചു. ചൂളം കുത്തുന്ന വിളിയോടെ കാറ്റ് മെല്ലെ വീശി. അത് തന്നെ വിളിച്ചതാണ് എന്ന് അവൾ ചിന്തിച്ചു. പരിചയമില്ലാത്ത ഒരാളെ കണ്ടാൽ നിൽക്കുന്നതു പോലെ ആ കാറ്റ് കുറച്ചുനേരം നിന്നു. മഴയുടെ ഒരു ആഭരണം ആണിവ.

പിറ്റേദിവസം ഒരു അപരിചിതനെ പോലെ വീണ്ടും അവ എത്തി. ജോലികളെല്ലാം കഴിഞ്ഞ് ഇവിടെ ഇരുന്നാൽ ഇത് ഒരു ആസ്വാദനം ആണ്. ചിന്തകൾ അതിരുകടക്കുമ്പോൾ നമ്മളെ വിളിച്ചുണർത്താൻ അവ എത്തും.ഉറങ്ങി പോയാലോ പോയാലോ അലാറം അടിക്കുന്നത് പോലെ ജനൽചില്ലകൾ ഇട്ട് അടിക്കും. തന്നെ മുഴുവനായി ഏറ്റെടുത്ത ഒരു ഭാവമാണവയ്ക്ക്.മറന്നു പോകാതിരിക്കാൻ മഴ ചങ്ങാതിയോടൊപ്പം അവ വിളിച്ച് ഓർമിപ്പിക്കും. ദുരന്തത്തിനും കാരണക്കാരാണ് ഇവർ.

എന്നാലും അവയുടെ നല്ല വശങ്ങൾ മാത്രമേ അനു ശ്രദ്ധിക്കാറുള്ളൂ. ചില വികൃതികളും അവ കാണിക്കും. പഠിച്ചുകൊണ്ടിരിക്കുമ്പോൾ അവളുടെടെ പുസ്തകത്താളുകൾ മറിച്ചു നോക്കും .പിണങ്ങി നിന്നാൽ ഒരു ലാളിത്യത്തത്തോടെ അവളെ തഴുകും . പതുക്കെ കാറ്റിന്റെ വിളി അവൾ കാതോർത്തു തുടങ്ങി. കുറച്ചുനാളുകൾക്ക് ശേഷം അവ പതിവ് മുടക്കാൻ തുടങ്ങി. അവർ അവളെ ഉണർത്തുകയോ ഓർമ്മയ്ക്കായി വന്നു നിൽക്കുകയോ ഇല്ല. കാത്തിരിപ്പ് മാത്രം. വരാന്തയിൽ തൂണിനെയും ചാരിപിടിച്ച് തെന്നൽ വിളിയും കാത്ത് അവൾ നിന്നു



നിവേദ്യ എൻ പി

9 D

# പ്രതിഭകൾ

## രാജ്യപുരസ്കാർ വിജയികൾ



*YADHUKRISHNAN*



AAKASH



NAISHANA



DEVIKA



SHAFNA



SAIKIRANA



AKHILA

# ഉപജില്ലാ കലോൽസവ വിജയികൾ



GOURI



RAMEEZA



NIHARA



H S S SECTION



H S SANSKRIT



H S SECTION


# കലോൽസവം



സ്പെഷൽ സ്കൂൾ കലോൽസവം

A Grade in Keyboard,
Mono act, Lalithaganam













# A P J ABDUL KALAM അനുസ്മരണം


## World Students' Day -- 15 October



















# അദ്ധ്യാപകർക്കും അമ്മമാർക്കുമുള്ള ഹൈടെക്ക് പരിശീലനം












ഡിജിറ്റൽ പൂക്കളം







# GANDHI DARSAN








# BADGING CEREMONY OF BULBUL
# AND
# CAPPING CEREMONY OF JRC










OUR BAND SET



KIDS SPORTS






# HIGHER SECONDARY NSS CAMP
# @ SKHSS GURUVAYOOR


















# *OCTOBER 2 GANDHIJAYANTI DAY*

SCHOOL LEADER PAYING TRIBUTE TO GANDHIJI





LP CHILDREN PAYING TRIBUTE TO GANDHIJI





NOVEMBER 14 CHILDREN S' DAY





# കൃഷി


















# *ANNUAL DAY CELEBRATION*















എം.ആർ.ആർ.എം.ഹയർസെക്കണ്ടറിസ്കൂൾ.ചാവക്കാട്
132-ാം സ്കൂൾവാർഷികം
രക്ഷാകർതൃസംഗമം,യാത്രയയപ്പ്
കിഡ്സ്ഫെസ്റ്റ്,കലാസന്ധ്യ
2020
18




എം.ആർ.ആർ.എം.ഹയർസെക്കണ്ടറിസ്കൂൾ.ചാവക്കാട്
132-ാം സ്കൂൾവാർഷികം
രക്ഷാകർതൃസംഗമം,യാത്രയയപ്പ്
കിഡ്സ്ഫെസ്റ്റ്,കലാസന്ധ്യ
2020
18




132ാം സ്കൂൾവാർഷികം


132ാം സ്കൂൾവാർഷികം





# Rain



It arrives quickly
With powerful winds
Ripping everything of their hinge
Screaming her Fury in the heat of the day

At the dead of Night
Rain pours on everything
With the tears of her sadness

She flashes lightning in the air
To show how much she carries
About every little things everywhere

Thunder booms as she yells at the humans
For incompetent use of her
Yell they don't know how it hurts our life
Ripping out of the ground

AYSHA FASNA
7 A

# Refugees



They are the refugees
They are the fighters
Who leave their Nation
Who threw their passion

In the previous years
Their Street was in tears
They were the great Army

But it destroyed like Tsunami
They were attacked suddenly
It destroyed them slowly
They are the real heroes
The attackers are real zeros

Their heart was very soft
So they got  the real lost
But then they got the will power

It was the real power
Their face was full of aspire
It was only their Desire
They got studded by the nation
They were divided into section

They were not the failures
They are the real winners

Remeeza C R
IX B

# വജ്രം

കാഞ്ചിപുരം എന്ന പട്ടണത്തിലെ മഹാരാജാവാണ് രാജ രവിവർമ്മ. സുമുഖനും സ്നേഹം നിറഞ്ഞ മനസ്സുമാണ് അദ്ദേഹത്തിന്റേത്. എന്നാൽ വഞ്ചനയോ നുണയോ മഹാരാജാവിനോട് പറഞ്ഞാൽ ആരാണെന്നു പോലും നോക്കുകയില്ല വധശിക്ഷ വിധിക്കും.

ഒരിക്കൽ രാജാവിന് ഒരു അപൂർണ വജ്രം ലഭിച്ചു. ഇത് സൂക്ഷിക്കാനായി അദ്ദേഹം അടുത്ത മിത്രമായ അശോകനെ വിളിപ്പിച്ചു. "അശോക ഇത് എനിക്ക് ഇഷ്ട്ടമുള്ള വജ്രമാണ് നീ ഇത് സൂക്ഷിക്കണം". അശോകൻ വീട്ടിലേക്ക് വജ്രം കൊണ്ട് പോവുകയും, അലമാരയിൽ സൂക്ഷിച്ചു വെക്കുകയും ചെയ്തു.

രണ്ടു ദിവസം സമാധാനമായി കടന്നു പോയി. എന്നാൽ, ഒരിക്കൽ വിശ്രമിച്ചിരിക്കുമ്പോൾ അശോകന്റെ മകൾ അലമാര തുറക്കുകയും, പെട്ടന്ന് വജ്രം താഴേക്കു വീണു തുല്യ നാല് കഷ്ണമാവുകയും ചെയ്തു. അശോകൻ ആകെ പരിഭ്രാന്തനായി വീട്ടിൽ നിന്നും ഇറങ്ങി പോവുകയും ചെയ്തു.

അടുത്ത മിത്രമായാലും ദേഷ്യം വന്നാൽ മഹാരാജാൻ തന്നെ വധിക്കും. വിഷമത്തിൽ നടന്നു നടന്നു ഒരു മരച്ചുവട്ടിൽ ഇരുന്നു ദൈവത്തിനോട് കരഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു. ക്ഷീണത്തിനിടയിൽ അശോകൻ ഉറങ്ങി പോയി. എന്തുകൊണ്ടോ അറിയില്ല, ദൈവം അയാളുടെ അഭ്യർത്ഥന സ്വീകരിച്ചു.

ഈ സമയം മഹാരാജാവിന് അതികഠിനമായ വയറുവേദന. സഹിക്കുന്നതിനുമപ്പുറം. പ്രാണനെടുക്കുന്ന വേദന. പല വലിയ വൈദ്യന്മാർ വന്നു പരിശോധന നടത്തി എന്നിട്ടും അസുഖത്തിനെതിരെ മരുന്ന് കണ്ടെത്താൻ കഴിഞ്ഞില്ല. അവസാനം ഒരു നാട്ടു വൈദ്യൻ ആണ് മരുന്ന് പറഞ്ഞു കൊടുത്തത്. മറ്റൊന്നുമല്ല ഒരു അപൂർണ വജ്രം നാല് തുല്യ കഷ്ണങ്ങളായി മുറിച്ചു വെള്ളത്തിലിട്ട് കുടിക്കണം.

അപ്പോഴാണ് തന്റെ മിത്രത്തിന്റ അടുത്ത് സൂക്ഷിച്ചു വെക്കാൻ പറഞ്ഞ വജ്രത്തിന്റെ ഓർമ്മ വന്നത്. വജ്രം നാല് തുല്യ കഷ്ണം ആക്കുക പ്രയാസമാണ്.തന്റെ ഉറ്റ മിത്രമായാലും വജ്രം നാല് തുല്യ കഷ്ണം അല്ലെങ്കിൽ മഹാരാജാൻ അശോകനെ ദേഷ്യത്താൽ വധിക്കുമെന്നുറപ്പാണ്. ഈ സമയം അശോകൻ തന്റെ ഉറക്കത്തിൽ നിന്നുമുണർന്നു. വൈകാതെ രാജാവ് മന്ത്രിയെ വിട്ട് അശോകനെ വിളിപ്പിച്ചു. "മഹാരാജാവിന് അസുഖമോ? നാളെ തന്നെ ഞാൻ വജ്രവുമായി എത്തിക്കോളാം ".

അശോകൻ വളരെ സന്തോഷത്തിലായി. തന്റെ പ്രാർത്ഥന സ്വീകരിച്ചതിൽ ദൈവത്തിനോട് നന്ദി അറിയിച്ചു.

പിറ്റേ ദിവസം രാവിലെ തന്നെ അശോകൻ കൊട്ടാരത്തിൽ ഹാജരായി. രാജാവിന് വജ്രം നൽകുകയും അത് വെള്ളത്തിൽ ഇട്ട് കുടിക്കുകയും ചെയ്തു. നിമിഷം നേരം കൊണ്ട് അദ്ദേഹത്തിന്റെ അസുഖവും ഭേദമായി. സന്തോഷത്താൽ മഹാരാജാൻ അശോകന് പാരിതോഷികമായി ധാരാളം സ്വർണവും സമ്മാനവും നൽകി.ആത്മാർത്ഥമായ പ്രാർത്ഥനയ്ക്ക് ഫലമായി അയാൾക്ക് സ്വന്തം ജീവിതം തിരിച്ചു കിട്ടി.



# बचपन की यादें

कितना सुंदर मेरा बचपन
हमली और आम के साथ लेट रहे बचपन
उसी की ज़माना की याद दिलाती बचपन
कितना सुंदर मेरा बचपन
कितना मीठी मेरा बचपन
पापा जी आ रहा और चॉकलेट मिल  गई बचपन
बारिश के साथ साथ में खेल रहे बचपन
मां की गीत सुना कर सुना थी बचपन
कितना मीठी मेरा बचपन
रंग बिरंग बचपन
मेरा स्कूल की याद दिलाता बचपन
दोस्तों के साथ लड़ते करें बचपन
बचपन मेरा सुंदर बचपन



# വസന്തം



അനിലന്റെ ചുംബനംകൊണ്ടതാ
പൂക്കൾ പരത്തുന്ന
തന്റെ ശാലീനമാം  സുഗന്ധം

തണുപ്പേറും കുഞ്ഞു മഞ്ഞിൻ
കണങ്ങളാൽ കൂടുന്ന
പിന്നെയും പൂക്കൾ തൻ ഭംഗി

കുനിയുന്ന പൂവിന്റെ ശിരസ്സും മനസ്സും
സ്വപ്നങ്ങൾ നിറയുന്ന
രാത്രിയോടൊപ്പം

പൂക്കാലമെന്നൊരു വാക്കിൻറെ
അർത്ഥം സ്വീകരിക്കു
ഉലകിൽ ജനങ്ങളും

എന്നെന്നുമുലകിനെ പൂക്കാലമാക്കിടാൻ
കഴിയും നമുക്കെന്ന്
ഓർക്കുക നിത്യവും

Aneesa
9 A

# Sun you are the The real hero



Sun you are the fabulous
hero of the tworld.
I know You are a
continuous helper of the world.
You burn yourself
for helping the people.
Wow !! what a fantastic
job you did

You are the only
energy source of this
living world.
And you are heroic person for me

Sometimes your heat makes
me very tired.
sometimes your heat makes
me very energetic .
But I know the world's
very cruel experience
for you.
Sun you are burning angrly now.
I know the reason of your anger.
Dear son I'm sorry
I am sorry for the cruelties of the world
Sun you are the real hero

Gouri A S
9 B

# സ്വപ്നങ്ങളിൽ നമ്മുടെ ഇന്ത്യ

സ്വതന്ത്ര ഇന്ത്യയിൽ ജനിക്കാനും ജീവിക്കാനും ഭാഗ്യം ലഭിച്ചവരാണ് നാം ഓരോരുത്തരും. ഓരോ സ്വാതന്ത്ര്യദിനവും നമ്മുടെ സ്വാതന്ത്ര്യസമരത്തെ കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തലാണ്. നൂറ്റാണ്ടുകൾ പിന്നിട്ട അടിമത്തത്തിന് കീഴിൽ ഒരു നാടുമുഴുവൻ ഉജ്ജ്വലമായി ഉണർന്നെഴുന്നേറ്റതിന്റെ ഓർമ്മകൾ അലതല്ലുകയാണ് ഇപ്പോൾ. നിരവധി ദേശാഭിമാനികൾ ജീവനും രക്തവും ത്യജിച്ചാണ് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നത് .അവരുടെ മുന്നിൽ നമുക്ക് ശിരസ്സ് നമിക്കാം.

സ്വാതന്ത്ര്യാനന്തരം ഇന്ത്യ ശാസ്ത്ര സാങ്കേതിക മേഖലകളിൽ നൂതനമായ കാൽവെപ്പുകൾ നടത്തി. വിദ്യാഭ്യാസ മേഖലയിൽ ഒരുപാട് മുന്നോട്ട് പോയി. രാജ്യത്ത് ഒട്ടേറെ ഉന്നത കലാലയങ്ങൾ ഉയർന്നു വന്നു. പുതിയ സങ്കേതങ്ങളും ഉപാധികളും സ്വീകരിക്കുക വഴി ലോകത്തിന്റെ വികസനക്കുതിപ്പിന് ഏതാണ്ട് ഒപ്പം തന്നെ സഞ്ചരിക്കാൻ ഇന്ത്യക്ക് കഴിഞ്ഞു. വാർത്താ വിനിമയ രംഗത്തും വിപ്ളവകരമായ നേട്ടങ്ങളുണ്ടായി. സാമൂഹ്യ സാംസ്കാരിക മേഖലകളിലും കാര്യമായ പരിഷ്കാരങ്ങളുണ്ടായി. ലോക രാഷ്ട്രീയത്തിൽ ശ്രദ്ധേയമായ ചലനങ്ങളുണ്ടാക്കുകയും ചെയ്തു.

ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ. എന്നാൽ ആ വലിയ രാജ്യം ഇന്ന് നിരവധി ഭീഷണികളെ നേരിട്ടുകൊണ്ടാണ് മുന്നേറുന്നത്. വർഗീയവാദം, തീവ്രവാദം, തൊഴിലില്ലായ്മ, ജനസംഖ്യാവർദ്ധനവ് തുടങ്ങിയവ ഇന്ത്യയുടെ മുന്നേറ്റത്തെ ഹനിച്ചുകൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യത്തിലേക്ക് പിറന്നുവീണ നിമിഷംമുതൽ ഇന്ത്യ വർഗീയ സംഘർഷങ്ങളുടെ പിടിയിലാണ്. ജാതി മത -വർഗ വിവേചനവും ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്.

അറിവും വിവേകവും ഉള്ള ഒരു സമൂഹത്തിനു മാത്രമേ സംഘർഷങ്ങളെ തടയാനാകൂ. വിവേകപൂർണമായ, പരിസ്ഥിത സൗഹാർദ്ദപരമായ, മാലിന്യമുക്തമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ നമുക്കെല്ലാവർക്കും ഒത്തൊരുമിക്കാം.

അതിനായി നമുക്ക് നമ്മുടെ ക്ലാസുകളിൽ നിന്ന് തന്നെ തുടങ്ങാം . ജാതി- മത വർഗ വിവേചനം ഒന്നുമില്ലാത്ത മാലിന്യമുക്തമായ ഹരിത മനോഹരമായ ഇന്ത്യക്കായി നമുക്ക് ശ്രമിക്കാം. പ്ലാസ്റ്റിക് രഹിതമായ, പച്ചപ്പരവതാനി വിരിച്ച ഇന്ത്യ നമുക്ക് സ്വപ്നം കാണാം. ജനങ്ങൾക്കിടയിൽ സൗഹൃദ പൂർണമായ ജീവിതം എന്നും സാക്ഷാൽക്കരിക്കുക ജനങ്ങളെ നിറത്തിന്റേയോ ജാതിയുടെയോ ഭാഷയുടെ പേരിൽ വേർതിരിച്ച് കാണാതെ സഹജീവികളെ സ്നേഹിക്കാനും സഹായിക്കാനും മനസ്സുള്ളവർ ആകണം നമ്മൾ.

ഇനിയും നമുക്ക് കാത്തിരിക്കാം; നല്ലൊരു നാളേക്ക് വേണ്ടി, ജാതീയവും വംശീയവും മതപരവുമായ അടിച്ചമർത്തലുകളില്ലാത്ത സാമൂഹത്തിനു വേണ്ടി. നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യയുടെ സനാതനമൂല്യം പുലർന്ന് കാണുന്നതിനതിന് വേണ്ടി, ദാരിദ്ര്യവും പട്ടിണിയുമില്ലാത്ത ഒരു സുപ്രഭാതം നമുക്കും സ്വപ്നം കാണാം.

വടക്ക് ഹിമാലയ പർവ്വതം മുതൽ തെക്കും പടിഞ്ഞാറും കിഴക്കുമായി സ്നേഹത്തിന്റെയും നന്മയുടെയും അരുവികളൊഴുക്കണം. അതിനായി നമുക്ക് ഒത്തൊരുമിക്കാം. നമുക്ക് സ്വപ്നം കാണാം ചിന്തിക്കാം പ്രവർത്തിക്കാം. എല്ലാ നന്മകളും ഉണ്ടാകട്ടെ

## പൂക്കാലം



അരുണോദയത്തിനെ തൊട്ടു വിളിച്ച്
പുഞ്ചിരിതൂകി വിടരുന്ന
നിദ്രയെ തട്ടിയുണർത്തി
പുലരിയെ കൂടെ കൊണ്ടു വരുന്ന
വസന്തകാലമാം നിത്യ വസന്തത്തിൽ
പുഞ്ചിരിതൂകി വിടരുന്ന
നിത്യ അതിഥികളാം ചെറുജീവികളെ
സ്വാഗതമോതി ക്ഷണിക്കുന്ന
കാറ്റിനെ കുളിർപ്പിക്കും
സൗരഭ്യം നൽകും ഞങ്ങൾ
അനർഘമാം മിത്രങ്ങളാൽ ഞങ്ങളെല്ലാം
പൂങ്കാവനമാം ഭവനത്തിൽ വസിക്കുന്ന
പൂക്കാലമാം നിറ സൗന്ദര്യത്തിൽ
ഉല്ലാസഭരിതമാകുന്ന ഞങ്ങൾ

അരുണോദയത്തിനെ തൊട്ടു വിളിച്ച്
പുഞ്ചിരിതൂകി വിടരുന്ന ഞങ്ങൾ

ഫസ്ന ആർ എ

9 A

# Climate Change

The variation in climate is a major talk between people. Now a days hot is experienced regularly. This monsoon is a very good example for that. It is true that man has an important role in this matter. Harmful activities of man such as air pollution, water pollution, soil pollution result in the variation of climate. Emission of carbon dioxide and carbon monoxide from vehicles destroy the atmosphere. Increasing of chlorofluorocarbon also leads to the massive destruction of destruction of climate like phenomenon.

In these days technology is developing , but the common sense of human beings are decreasing along with it. That the appliances like air condition, refrigerator, heater extra have a lot of CFC in them. But they are forced to buy it because they want to become the best among other people. They do not realise that it is pure foolishness.

There is no time to waste. It's too late. We are in a dangerous situation. We are at the top of the mountain and if we didn't realise the danger surely we will fall into the valley of death.

Reducing the use of appliances and vehicle that are harmful for human and protection nature is the only solution for this problem

# നന്ദി

**ഞങ്ങൾ തയ്യാറാക്കിയ മാഗസിന്  മാർഗ്ഗ നിർദേശങ്ങൾ നൽകി സഹകരിച്ച എല്ലാ അധ്യാപകർക്കും  പിന്തുണ നൽകിയ കൂട്ടുകാർക്കും അകമഴിഞ്ഞ നന്ദി ..................**

**ലിറ്റിൽ കൈറ്റ്സ് 2020**

